(സി) തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) റിപ്പോർട്ടു കിട്ടിയതിനുശേഷം ഹൈസ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പെരിഞ്ഞനം ഗവൺമെൻറ് യു. പി. സ്കൂൾ കെട്ടിടം

1164 [1597] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ താലൂക്കിൽപ്പെട്ട പെരിഞ്ഞനം ഗവൺമെൻറ് യു. പി. സ്കൂൾ കെട്ടിടം നിർമ്മിക്കുവാൻ വല്ല നടപടിയും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെട്ടിടനിർമ്മാണത്തിനായുള്ള പുഴുക്കിയ മുൻഗണനാലിസ്റ്റിൽ ഈ സ്കൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് മുൻഗണനാപ്രകാരം കെട്ടിടനിർമ്മാണം നടത്തുന്നതാണ്.

ബേപ്പൂർ ഗവൺമെൻറ് ഹൈസ്കൂൾ അഡീഷണൽ കെട്ടിടത്തിൻെറ നിർമ്മാണ പ്രവർത്തനം

1165 [1598] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ബേപ്പൂർ ഗവൺമെൻറ് ഹൈസ്കൂൾ അഡീഷണൽ കെട്ടിടത്തിൻെറ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിൻെറ കാരണം വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്കൂൾ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ.

(ബി) സ്കൂൾ കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ പ്രസ്തുത സ്കൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിൻെറ ലഭ്യതയനുസരിച്ച് മുൻഗണനാപ്രകാരം പണി ആരംഭിക്കുന്നതാണ്.

മടിക്കൈ ഗവൺമെൻറ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം

1166 [1599] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കാസർകോഡ് വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട മടിക്കൈ ഗവൺമെൻറ് ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കേണ്ടതിലേക്ക് പ്രസ്തുത സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക-രക്ഷകർതൃ സമിതി 25,000 രൂപ ഗവൺമെന്റിൽ കെട്ടിവച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മാണത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയിട്ട് എത്ര വർഷമായി ;

(സി) നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്യാതിരിക്കുന്നതിന്റെ കാരണമെന്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-8-1983-ലെ ജി. ഒ. ആർ. റ്റി. നമ്പർ 2630/83 പൊ. വി. പ്രകാരം ഒരു കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ തുകയുടെ അഭാവമാണ് കാരണം. സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ തക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ചെറുതാഴം ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം

1167 [1600] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി ഗവൺമെന്റ് പുതുക്കിയ മുൻഗണനാ ലിസ്റ്റിൽ ചെറുതാഴം ഗവൺമെന്റ് ഹൈസ്കൂളിനുള്ള മുൻഗണനാക്രമം എതാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്കൂൾ കെട്ടിടത്തിനുവേണ്ടി പുതുക്കിയ മുൻഗണനാലിസ്റ്റിൽ 3-ാം വിഭാഗത്തിൽ കണ്ണൂർ ജില്ലയിൽ പ്രോഗ്രസ്സീവ് സീരിയൽ നമ്പർ 883-ാം ജില്ലാതല ക്രമ നമ്പർ 76-ാ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

പുല്ലൂർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് കെട്ടിടം

1168 [1601] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പുല്ലൂർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly